**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 254** **04-10-2021 - ൽ മറുപടിയ്ക്ക്**

**വാക്സിൻ ലഭ്യതയും ഉത്പാദനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ആവശ്യകതയനുസരിച്ച് കേന്ദ്ര സർക്കാർ മതിയായ എണ്ണം കോവിഡ് വാക്സിൻ ലഭ്യമാക്കിയിട്ടുണ്ടോ; | (എ) | നിലവിൽ സംസ്ഥാനത്തിന് ആവശ്യത്തിന് കോവിഷീൽഡ് സ്റ്റോക്കുണ്ട്. കോവാക്സിൻ നേരിയ കുറവുണ്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്ന് ലഭിച്ച ആശയവിനിമയമനുസരിച്ച് കുറച്ച് ദിവസങ്ങളിൽ പരിഹരിക്കപ്പെട്ടുമെന്ന് പ്രതീക്ഷിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (ബി) | നിലവിൽ സംസ്ഥാനത്തിന് ആവശ്യത്തിന് കോവിഷീൽഡ് സ്റ്റോക്കുണ്ട്. കോവാക്സിൻ നേരിയ കുറവുണ്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്ന് ലഭിച്ച ആശയവിനിമയമനുസരിച്ച് കുറച്ച് ദിവസങ്ങളിൽ പരിഹരിക്കപ്പെട്ടുമെന്ന് പ്രതീക്ഷിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാന സർക്കാർ വാക്സിനുകൾ ഉത്പാദിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; | (സി) | തിരുവനന്തപുരത്തുള്ള തോന്നയ്ക്കലിലെ ലൈഫ് സയൻസസ് പാർക്കിൽ ഒരു വാക്സിൻ ഉല്പാദനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീച്ചിട്ടുണ്ട്.വർക്കിംഗ് ഗ്രൂപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 11.09.2021 തീയതിയിലെ സ.ഉ.(കൈ)നം 33/2021/ശാ.സാ.വ ഉത്തരവ് പ്രകാരം സർക്കാർ ലൈഫ് സയൻസസ് പാർക്കിൽ വാക്സിൻ ഫിൽ ഫിനിഷ് അഥവാ വാക്സിൻ ഉത്പ്പാദന യൂണിറ്റ് സ്ഥാപിക്കുന്ന ആങ്കർ ഇൻഡസ്ട്രികൾക്കുള്ള പ്രത്യേക പാക്കേജ് അംഗീകരിക്കുകയും യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും കമ്പനികളുടെ സാങ്കേതിക, സാമ്പത്തിക ശേഷി പരിശോധിക്കുന്നതിനും തുടർ നടപടികൾ നിർദ്ദേശിക്കുകയും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) - നെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ആയി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (ഡി) | തിരുവനന്തപുരത്തുള്ള തോന്നയ്ക്കലിലെ ലൈഫ് സയൻസസ് പാർക്കിൽ ഒരു വാക്സിൻ ഉല്പാദനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീച്ചിട്ടുണ്ട്.വർക്കിംഗ് ഗ്രൂപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 11.09.2021 തീയതിയിലെ സ.ഉ.(കൈ)നം 33/2021/ശാ.സാ.വ ഉത്തരവ് പ്രകാരം സർക്കാർ ലൈഫ് സയൻസസ് പാർക്കിൽ വാക്സിൻ ഫിൽ ഫിനിഷ് അഥവാ വാക്സിൻ ഉത്പ്പാദന യൂണിറ്റ് സ്ഥാപിക്കുന്ന ആങ്കർ ഇൻഡസ്ട്രികൾക്കുള്ള പ്രത്യേക പാക്കേജ് അംഗീകരിക്കുകയും യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും കമ്പനികളുടെ സാങ്കേതിക, സാമ്പത്തിക ശേഷി പരിശോധിക്കുന്നതിനും തുടർ നടപടികൾ നിർദ്ദേശിക്കുകയും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) - നെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ആയി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| COVID Vaccine Summary (As per Channel of Supply) | | | | |
|---|---|---|---|---|
| Channel of Supply | Total doses received | Doses give to AFMS | Doses given to Mahe | Net Dose received by State |
| GOI (free of cost) | 30618800 | 44500 | 61000 | 30513300 |
| GOK (State Procurement) | 1342540 | 0 | 0 | 1342540 |
| CSR | 250000 | 0 | 0 | 250000 |
| Total | 32211340 | 44500 | 61000 | 32105840 |

